DESPATCHED
On 30/11/21



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.176(6)/2021**/*എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.*1954/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ
അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സുകു സി.ആർ.,
ചുണ്ടയിൽ വീട്,
മുളംകുന്നത്ത്കാവ് പി.ഒ.,
തിരൂർ, വിഷ്ണുമായ അമ്പലത്തിനടുത്ത്,
തൃശ്ശൂർ-680581
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ട്രാൻസ്മിഷൻ സർക്കിൾ,
   വൈദ്യുതി ഭവനം,
   കോട്ടപ്പുറം, തൃശ്ശൂർ
2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
   ട്രാൻസ്മിഷൻ സർക്കിൾ,
   വൈദ്യുതി ഭവനം,
   കോട്ടപ്പുറം, തൃശ്ശൂർ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.12.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.01.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01.02.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 02.03.2021 |

| | |
|---|---|
| മേൽ പ്രകാരമുളള റിപ്പോർട്ട് ലഭിച്ച തീയതി | 29.03.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 22.10.2021 & തൃശ്ശൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുകു സി.ആർ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ അപ്പീൽ അധികാരി നൽകിയ മറുപടിയും തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷിക്കെതിരെ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 15.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, കെ.എസ്.ഇ.ബി. മുളംകുന്നത്തുകാവ് ഓഫീസ് മാറ്റുന്നതുമായി ബന്ധപ്പെട്ട് ഓഫീസിലെ പഴയ ഇരുമ്പ്, ചെമ്പ്, അലുമിനിയം മറ്റു പലവക സാധനങ്ങൾ വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ എന്നവർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മുമ്പാകെ ബോധിപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദ വിവരം സാക്ഷ്യപ്പെടുത്തി നൽകണമെന്നും ടി ഓഫീസ് മാറുന്നതുമായി ബന്ധപ്പെട്ട് ഓഫീസിലെ സാമഗ്രികളുടെയും മറ്റു ഓഫീസ് സാധനങ്ങളുടേയും പരിശോധനയും കണക്കും എടുത്തിട്ടുണ്ടോ ഏത് ഉദ്യോഗസ്ഥനാണ്, പേര്, പദവി, ഔദ്യോഗികവിലാസം എന്നീ വിശദവിവരം നൽകണമെന്നും മറ്റുമായി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ 16.12.2020 ൽ ഒന്നാം എതിർകക്ഷി അറിയിച്ചത്, ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിന്റെ പരിധിയിൽപ്പെടുന്നതല്ലാത്തതിനാൽ ലഭ്യമല്ലെന്നും ആയതിന് അപേക്ഷ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സർക്കിൾ, കോട്ടപ്പുറം, തൃശ്ശൂർ ആണെന്നുമാണ്. ആയതിന്മേൽ ഹർജികക്ഷി 29.12.2020 ൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ 25.01.2021 ൽ നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ മറ്റൊരു അധികാര സ്ഥാനത്തിന്റെ കൈവശത്തിലുള്ളപ്പോഴും പ്രതിപാദ്യ വിഷയം മറ്റൊരു അധികാര സ്ഥാനത്തിന്റെ ചുമതലകളുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുമ്പോഴും അത്തരം അപേക്ഷ നൽകപ്പെട്ടിട്ടുള്ള പൊതു അധികാരസ്ഥാനം, ആ അപേക്ഷയോ മറ്റ് പൊതു അധികാര സ്ഥാനത്തിന്

യോജ്യമായേക്കാവുന്ന ഭാഗമോ ആധികാര സ്ഥാനത്തിന് അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം കൈമാറ്റം ചെയ്യേണ്ടതും അത്തരം കൈമാറ്റത്തെ സംബന്ധിച്ച് ഉടനെ തന്നെ അപേക്ഷകനെ വിവരം അറിയിക്കേണ്ടതുമാണെന്ന് നിഷ്ക്കർഷിക്കുന്നുവെന്നും വകുപ്പ് 6(3) ഉപോദ്ബലകമാക്കിക്കൊണ്ട് ടി വകുപ്പിനെ മറ്റ് അധികാര സ്ഥാനം എന്നതിന് കൃത്യമായ സ്പഷ്ടീകരണം നൽകിയിട്ടുണ്ടെന്നും ടി സ്പഷ്ടീകരണത്തിന്റെയും കേന്ദ്ര പേഴ്സണൽ ട്രയ്നിംഗ് വകുപ്പിന്റെ 12.06.2008 ലെ IR No. ഓഫീസ് മെമ്മോറാണ്ട ത്തിന്റെയും പശ്ചാത്തലത്തിൽ 16.07.2019 ന് കെ.എസ്.ഇ.ബി ലിമിറ്റഡിൽ വ്യക്തമായ ഒരു പരിപത്രം കെ.എസ്.ഇ.ബി ലിമിറ്റഡിലെ വിവരാവകാശ ഓഫീസർമാർക്ക് നൽകിയിട്ടുണ്ടെന്നുമാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 29.03.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരൻ കെ.എസ്.ഇ.ബി മുളംകുന്നത്തുകാവ് ഓഫീസുമായി ബന്ധപ്പെട്ട 5 വിവരങ്ങൾ ലഭിക്കാനായി കെ.എസ്.ഇ.ബി തൃശ്ശൂർ ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിൽ അപേക്ഷ സമർപ്പിച്ചുവെന്നും ടി വിവരം ടി ഓഫീസിൽ ലഭ്യമല്ലെന്നും കൂടാതെ തൃശ്ശൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസിന്റെ പരിധിയിലായതുകൊണ്ട് ടി ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ ഒന്നാം എതിർകക്ഷി നിർദ്ദേശിച്ചിരുന്നുവെന്നും 16.07.2019 കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഒരു പരിപത്രം പരിശോധിച്ചതിൽ അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നതിൽ ഒരു വിവരവും കൈവശമില്ലാതിരിക്കുകയും അവ ഒന്നിലേറെ പൊതു അധികാരികളുടെ കൈവശം ചിതറി കിടക്കുന്നതുമാണെങ്കിൽ വിവരം ഈ പൊതു അധികാരിയുടെ കൈവശം ഇല്ലായെന്നും വിവരം ലഭിക്കാനായി ബന്ധപ്പെട്ട പൊതു അധികാരികൾക്ക് പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണെന്ന് വിവരാവകാശ ഓഫീസർ ഹർജിക്കാരന് നിർദ്ദേശം നൽകേണ്ടതാണെന്നാണ്. ആയതിനാലാണ് കെ.എസ്.ഇ.ബി എൽ-ന്റെ പരിപത്രം 16.07.2019, No.SPIO/RIA/Circular 2019-20 അടിസ്ഥാനമാക്കിയാണെന്ന നിഗമനത്തിലും, ധാരണയിലും ആണ് മറുപടി ഹർജികക്ഷിക്ക് നൽകിയിട്ടുള്ളതെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 15.12.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 16.12.2020 തീയതി ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിന്റെ പരിധിയിൽപ്പെടുന്നതല്ലാത്തതിനാൽ ലഭ്യമല്ലെന്നും ആയതിന് അപേക്ഷ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സർക്കിൾ, കോട്ടപ്പുറം, തൃശ്ശൂർക്ക് അപേക്ഷ നൽകാൻ അറിയിച്ച് മറുപടി നൽകിയതായി കാണുന്നു. പ്രസ്തുത നടപടി വിവരാവകാശ നിയമപ്രകാരം ശരിയല്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിൽ തന്നെ പ്രവർത്തിക്കുന്ന ബന്ധപ്പെട്ട ആഫീസിലേക്ക്

വിവരാവകാശ നിയമം 6(3) പ്രകാരം അപേക്ഷ കൈമാറ്റം ചെയ്ത് വിവരം ഹർജിക്കാരനെ അറിയിക്കേണ്ടതായിരുന്നു. ഹർജിക്കാരന്റെ 29.12.2020 ൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരിയും 25.01.2021 തീയതി ഹർജിക്കാരനെ ഹിയറിംഗിന് ഹാജരാകാൻ അറിയിക്കാതെ ഒന്നാം എതിർകക്ഷിയുടെ മറുപടി ശരിവച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയതായി കാണുന്നു. വിവരാവകാശ നിയമം 2005 6(3) വകുപ്പു പ്രകാരം ഒന്നാം എതിർകക്ഷി ടി അപേക്ഷ KSEB ഇലക്ട്രിക്കൽ സർക്കിൾ കോട്ടപ്പുറത്തിന് കൈമാറി അപേക്ഷകന് പരമാവധി പെട്ടെന്ന് അപേക്ഷൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ടിയാന് ലഭ്യമാക്കി നൽകാൻ കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 02-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM